മഞ്ഞപ്പിത്തരോഗവും ചികിൽസയും

*11 [494] ശ്രീ. കെ. സി. ജോസഫ്:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്തകാലത്ത് മഞ്ഞപ്പിത്തരോഗം പടർന്ന് പിടിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം രോഗനിവാരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) മഞ്ഞപ്പിത്ത രോഗ ചികിൽസക്ക് ആവശ്യമായ മരുന്ന് ചികിൽസാ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് മാത്രമായി എന്ത് തുക അനുവദിച്ചിരുന്നു എന്ന് വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളിയിൽ 12 കേസുകളും കൊല്ലം ജില്ലയിലൊട്ടാകെ 318 കേസുകളും ആലപ്പുഴ ജില്ലയിൽ നിന്ന് 51 കേസുകളും (ഇതിൽ രണ്ടുപേർ മരണമടയുകയും ചെയ്തിട്ടുണ്ട്) കോട്ടയം ജില്ലയിൽ നിന്നും ആകെ 310 കേസുകളും (66 കേസുകൾ കോട്ടയം മെഡിക്കൽ കോളേജ് മെൻസ് ഹോസ്റ്റലിൽ നിന്നും സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ഹോസ്റ്റലിൽ നിന്നും ബാക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പലപ്പോഴായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്) എറണാകുളം ജില്ലയിൽ പണപ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന മീൻകുന്നം എന്ന സ്ഥലത്ത് നിന്നും 14 കേസുകളും തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 36 കേസുകളും തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും ചില ഒറ്റപ്പെട്ട കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) രോഗബാധയുണ്ടായവർക്ക് അതത് സ്ഥലത്തുള്ള ആശുപത്രികൾ മുഖേന ആവശ്യമായ പരിശോധനകളും ചികിത്സയും നൽകിയിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ മൂന്നു ജില്ലകളിൽ കേന്ദ്രസർക്കാർ സഹായത്തോടു കൂടിയുള്ള ഒരു "പൈലറ്റ് പ്രോജക്ട്" എന്ന നിലയിൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് മഞ്ഞപ്പിത്തത്തിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രോഗ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനായി ക്ലോറിനേറ്റ് ചെയ്യുക, ഭക്ഷണ ശാലകളിൽനിന്നും ലഘു പാനീയങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽനിന്നും സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് വിധേയമാക്കുക എന്നീ പ്രവർത്തികൾ നടത്തുന്നുണ്ട്.

ഹെപ്പറ്റൈറ്റീസ്-ബി തടയുന്നതിനുവേണ്ടി ഡിസ്പോസബിൾ സിറിഞ്ചിന്റെയും സൂചിയുടെയും ഉപയോഗം കർശനമാക്കാനും അവ ഉപയോഗശേഷം നശിപ്പിച്ചുകളയാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

രക്തം നൽകേണ്ട അവസരങ്ങളിൽ ദാതാക്കളിൽനിന്നുള്ള സാമ്പിളുകൾ നിർബന്ധമായി ഈ രോഗത്തിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് നടത്തി സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം എല്ലാ ബ്ലഡ് ബാങ്കുകളും പാലിക്കുന്നുണ്ട്.

(സി) മഞ്ഞപ്പിത്തം ഒരുതരം വൈറസ് ബാധമൂലം ഉണ്ടാകുന്നതാണ്. ഇതിനെതിരെ ഫലപ്രദമായ ആന്റി ബയോട്ടിക്കുകൾ ലഭ്യമല്ല. രോഗബാധിതർക്ക് ആവശ്യമായ അനുബന്ധ ചികിത്സകൾ (സപ്പോർട്ടീവ് ട്രീറ്റ്മെന്റ്) ആണ് അലോപ്പതിയിൽ ഉള്ളത്. ഇതിന് ആവശ്യമായ എല്ലാ മരുന്നുകളും ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ഞപ്പിത്ത രോഗത്തിന് മാത്രമായി പ്രത്യേക തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഈ രോഗം ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി ഈ വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന നടപടികൾ

*12 [495] ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പുതിയ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly